ATTACHED
23/06/2020
20.5.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2715*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14124**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.ആർ.മനോജ്,
പ്രൊപ്രൈറ്റർ, ന്യൂ പവർ എഞ്ചിനീയറിംഗ്,
ബേസ്മെന്റ് ഫ്ളോർ, സെഞ്ചുറി പാർക്ക് ബിൽഡിംഗ്,
നിയർ ന്യൂ ബസ്റ്റാന്റ്, കാസറഗോഡ്.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട് ഇൻ – ചാർജ്ജ്,
കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സർക്കിൾ,
കാസറഗോഡ്.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സർക്കിൾ,
കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.11.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.കെ.ആർ മനോജ്, 03.12.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 05.12.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2715(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനു പകരം കൂടിക്കാഴ്ച യ്ക്കുള്ള ദിവസവും തീയതിയുമാണ് അറിയിച്ചതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.10.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 25.10.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 02.11.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 30.11.2018ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകാതെ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ടുവെന്നും ടിയാൻ വീണ്ടും അപേക്ഷ നൽകിയെന്നും ആയതിനും മറുപടി നൽകിയില്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ബന്ധപ്പെട്ട ഫയലിലെ വിവരങ്ങൾ നേരിട്ട് ബോധ്യപ്പെടുത്താനാണ് കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചതെന്നും ടിയാൻ ഹാജരായില്ലെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ക്രോഡീകരിച്ച് നൽകേണ്ടവയാണെങ്കിലും വിവിധ ഫയലുകളിൽ നിന്നും ശേഖരിച്ച് നൽകേണ്ടവയാണെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആവശ്യമായവ പകർപ്പെടുത്ത് നൽകാമെന്ന വ്യവസ്ഥ വിവരാകാശ നിയമത്തിലുണ്ടെന്നും ആയതു പ്രകാരമാകാം ഒന്നാം എതിർകക്ഷി ഓഫീസിൽ ഹാജരാകാൻ അറിയിപ്പു നൽകിയതെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. എന്നാൽ പ്രസ്തുത വിഷയം രേഖപ്പെടുത്തി മറുപടി നൽകേണ്ട ബാധ്യത ഒന്നാം എതിർകക്ഷിയുടേതാണെന്നും എന്നാലും ഹർജിക്കാരൻ വീണ്ടും നൽകിയ അപേക്ഷ പരിഗണിച്ച് ടിയാന് സമയബന്ധിതമായി വിവരം നൽകണമെന്ന് കമ്മീഷൻ ഒന്നാം **എകിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.**

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 20-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM